**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1714** **08-10-2021 - ൽ മറുപടിയ്ക്ക്**

**കോവിഡ് 19 കാരണം അവശത അനുഭവിക്കുന്ന വയോജനങ്ങൾക്കുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് 19 കാരണം അവശത അനുഭവിക്കുന്ന സംസ്ഥാനത്തെ വയോജനങ്ങൾക്ക് ഉപകാരപ്രദമായ ഏതെങ്കിലും പദ്ധതികൾ സാമൂഹ്യനീതി വകുപ്പ് ആരംഭിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ; | (എ) | (എ) ഉണ്ട്. |
| (ബി) | ഉണ്ടെങ്കിൽ ഏതൊക്കെ പദ്ധതികളാണ് എന്ന് വിശദമാക്കാമോ? | (ബി) | (ബി) ഉണ്ട്. 1. കോവിഡ് വ്യാപന പശ്ചാത്തലത്തിൽ വയോജനങ്ങൾക്കുവേണ്ടി ആരംഭിച്ച പദ്ധതിയാണ് വയോപോഷണം. കോവിഡ് സാഹചര്യത്തിൽ മുതിർന്ന പൗരന്മാരുടെ ആരോഗ്യ സംരക്ഷണം ഉറപ്പ് വരുത്തുന്നതിനും പോഷകാഹാര ലഭ്യതയ്ക്കുമായി ഫുഡ് കിറ്റ് വിതരണം ചെയ്യുന്ന പദ്ധതിയാണ് വയോപോഷണം. മുതിർന്ന പൗരന്മാർക്ക് വാർദ്ധക്യ സഹജമായ ബുദ്ധിമുട്ടുകൾ കുറയ്ക്കുന്നതിനും ആരോഗ്യം നിലനിർത്തുന്നതിനുമായി ഉപയോഗിക്കുവാൻ കഴിയുന്ന തരത്തിലുള്ള 2 മാസത്തേക്ക് ആവശ്യമുള്ള ഭക്ഷ്യ പദാർത്ഥങ്ങൾ ഉൾപ്പെടുത്തിയാണ് കിറ്റ് വിതരണം ചെയ്യുന്നത്. 2. കോവിഡ് വ്യാപനം രൂക്ഷമായിരുന്ന സാഹചര്യത്തിൽ മുതിർന്ന പൗരന്മാർക്ക് കോവിഡ് വാക്സിനേഷൻ ലഭ്യത ഉറപ്പ് വരുത്തുന്നതിനായി കോവിഡ് വാക്സിനേഷൻ രജിസ്ട്രേഷൻ സഹായ കേന്ദ്രം ജില്ലകളിൽ പ്രവർത്തിച്ചിരുന്നു. ജില്ലകളിലുള്ള മുതിർന്ന പൗരന്മാർക്ക് വാക്സിൻ രജിസ്റ്റർ ചെയ്യുന്നതുൾപ്പെടെ കോവിഡ് സാഹചര്യത്തിൽ ആവശ്യമായ എല്ലാവിധ സേവനങ്ങളും വയോജന കാൾ സെന്ററിനോടനുബന്ധമായി പ്രവർത്തിക്കുന്ന ഹെൽപ്പ് ഡസ്ക് മുഖേന നടപ്പിലാക്കിയിരുന്നു. 3. സാമൂഹ്യനീതി വകുപ്പിന് കീഴിൽ കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നഗര പ്രദേശങ്ങളിൽ വസിക്കുന്ന 65 വയസു കഴിഞ്ഞ മുതിർന്ന പൗരന്മാർക്കു വേണ്ട ആരോഗ്യ സംരക്ഷണവും, മാനസിക ഉല്ലാസവും നൽകുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കുന്ന പദ്ധതിയാണ് വയോമിത്രം. ടി |

| | | | |
|---|---|---|---|
| | | | പദ്ധതിയിലൂടെ കോവിഡ് കാലത്തു ആവശ്യമായ മരുന്നുകൾ ഗുണഭോക്താക്കളുടെ വീട്ടുകളിൽ എത്തിക്കുന്നതിനും, അവർക്കു വേണ്ട മാനസിക പിന്തുണ നൽകുന്നതിനും കഴിഞ്ഞിട്ടുണ്ട്. കോവിഡ് അതിതീവ്രമായ പ്രദേശങ്ങളിൽ Reverse Quarantine Facility (RQF) സെന്ററുകൾ ആരംഭിച്ചു. ബന്ധുക്കൾ കോവിഡ് കാരണം quarantine ആയതു കാരണം വീട്ടുകളിൽ ഒറ്റപ്പെട്ടു പോയ വയോജനങ്ങളെ ടി centre കളിൽ എത്തിച്ചു അവർക്കു വേണ്ട മരുന്ന്, ഭക്ഷണം എന്നിവ നൽകി സംരക്ഷണം നൽകുവാൻ കഴിഞ്ഞിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ